ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
തദ്ദേശ സ്വയംഭരണ വകുപ്പ്
(ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് &
എഞ്ചിനീയറിംഗ് വിംഗ്)
മൂന്നാം നില, റവന്യൂ കോംപ്ലക്സ്
പബ്ലിക് ഓഫീസ് ബിൽഡിംഗ്
തിരുവനന്തപുരം-33

Phone: 0471-2324951
0471-2325071
Tele Fax: 0471-2324951
e-mail: celsgd@gmail.com
Website: www.celsgd.kerala.gov.in

നം. DB3/5525/20/സിഇ/തസ്വഭവ

തീയതി: 06.11.2021

# സർക്കുലർ

വിഷയം:- തസ്വഭവ – റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് – നിലവിലെ പുരോഗതി വിലയിരുത്തുന്നത് - സംബന്ധിച്ച്.

സൂചന:- 29.10.2021 ന കൂടിയ റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് സംബന്ധിച്ച യോഗ തീരുമാനം.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിൽ ഉൾപ്പെടുന്ന റോഡ്, പാലങ്ങൾ, കെട്ടിടങ്ങൾ, മറ്റ് ആസ്ഥികളുടെയും വിവരം ശേഖരിച്ച് digitalize ചെയ്യുന്നതിന്റെ ഭാഗമായി വിവധ ജില്ലകളിൽ നടന്നു വരുന്ന റോഡ് കണക്റ്റിവിറ്റി മാപ്പിംഗിംന്റെ സ്ഥിതി യഥാസമയം വീക്ഷിക്കുന്നതിനു proforma P-1124 തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഔദ്യോഗിക website-ലെ proforma പേജിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

R-track app ഉപയോഗിച്ച് റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് നടന്നു വരുന്നതും, നടത്തിയതുമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് എഞ്ചിനീയർമാർ ഇതിന്റെ പുരോഗതി എല്ലാ മാസവും 15, 30 എന്നീ തീയതികളിൽ updation-മേൽ proforma -ൽ രേഖപ്പെടുത്തേണ്ടതാണ്.

R-track training ലഭ്യമായിട്ടുണ്ടോ, ബന്ധപ്പെട്ട nodel officer, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ പേരു വിവരങ്ങൾ, തദ്ദേശസ്ഥാപനത്തിലെ മൊത്തം വാർഡുകളുടെ എണ്ണം, വിസ്തീർണ്ണം, ആസ്ഥിയിൽ ഉള്ള റോഡുകളുടെ മൊത്തം നീളം, കമ്മിറ്റി തീരുമാനം ലഭ്യമായത്, പ്രോജക്റ്റ് രൂപീകരിച്ചത്, പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ചും ടി proforma-യിൽ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

കൃത്യമായ വിവരങ്ങൾ യഥാസമയം proforma-യിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർമാർ രേഖപ്പെടുത്തുന്നുണ്ട് എന്നത് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ/ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ശ്രദ്ധിക്കേണ്ടതാണ്.

ചീഫ് എഞ്ചിനീയർ

As/-